**അറുപതിലേറെ വർഷമായി വ്യവസ്ഥാപിത രാഷ്ട്രീയപ്രസ്ഥാനങ്ങൾ പരാജയപ്പെട്ടിടത്താണ് പൊതുസമൂഹം അഴിമതിപോലെയുള്ള പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതും സമരം ചെയ്യുന്നതും. എന്നാൽ ആൾക്കൂട്ടാധിപത്യത്തെയും ജനാധിപത്യത്തെയും വേർതിരിച്ചുകാണിക്കേണ്ടതുണ്ടെന്ന് ജിയോജോസ്**

# ജനാധിപത്യ സമൂഹം എല്ലാ സമരങ്ങളെയും ഉൾക്കൊള്ളണം

**1.** ആധുനിക കാലഘട്ടത്തിൽ മറ്റെല്ലാ സമരരൂപങ്ങൾക്കും സംഭവിച്ചിട്ടുള്ള അപചയങ്ങൾ ഉപവാസങ്ങൾക്കും സത്യാഗ്രഹങ്ങൾക്കും സംഭവിച്ചിട്ടുണ്ട്. ഉപവാസം പോലുള്ള സമരരീതികളെ കേവലം രാഷ്ട്രീയ സമരായുധം മാത്രമായി കാണുന്നത് ശരിയല്ല. പ്രത്യേകിച്ച് ഉപവാസ സമരത്തിൽ സഹനത്തിന്റെയും സംയമനത്തിന്റെയും ആത്മപരിശോധനയുടെയും അംശങ്ങൾ ഉണ്ടായിരിക്കണം. സത്യവും അഹിംസയും ഉൾപ്പെട്ടതായിരിക്കണം അത്. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ഉപവാസം അഹിംസാ തത്ത്വത്തിലധിഷ്ഠിതമായിരിക്കണം. എങ്കിൽ മാത്രമേ അത് ഉപവാസമാവുകയുള്ളൂ.

**2.** ആരാണ് എന്തിനാണ് ഉപവാസമനുഷ്ഠിക്കുന്നത് എന്നത് വളരെ പ്രധാനമാണ്. അനിശ്ചിതകാല ഉപവാസ സമരങ്ങൾ ശരിയായ ലക്ഷ്യങ്ങൾക്കായുള്ള അന്തിമമാർഗ്ഗമായേ പ്രയോഗിക്കാവൂ. അല്ലെങ്കിൽ അവ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ നേടുകയില്ല. ഉപവാസ സമരത്തിന്റെ അർത്ഥം നഷ്ടപ്പെടുന്നുണ്ടെങ്കിലും അവയുടെ പ്രസക്തി നഷ്ടപ്പെട്ടതായി ഞാൻ കരുതുന്നില്ല.

**3.** മേധാപട്കർ ഉപവാസ സത്യാഗ്രഹങ്ങളിലൂടെ ജനഹിതത്തെ രാഷ്ട്രീയ സമരായുധമായി പരിണമിപ്പിക്കുമ്പോഴും രാംദേവിനെപ്പോലുള്ളവർ കപടനാടകമാടി ആത്മവഞ്ചനയും ജനവഞ്ചനയുമാണ് നടത്തുന്നത്. പൊതുസമൂഹവും ജനകീയപ്രസ്താനങ്ങളും നടത്തിവരുന്ന ഐതിഹാസിക സമരങ്ങളെ അപഹസിക്കുന്നതിനും വിലകുറച്ചുകാണാനും ഇടവരുത്തുന്നുവെന്നതാണ് ഇതിന്റെ അപകടം. കപടസന്യാസികൾക്ക് ആത്മീയമായോ ശാരീരികമായോ ഉപവാസസമരം ചെയ്യാൻ കെല്പില്ല എന്നു തെളിയിച്ചുവെന്നതാണ് ഇതിന്റെ ഒരോയൊരു ഗുണപരമായ വശം. ഭീരുവിനെപ്പോലെ സ്ത്രീവസ്ത്രത്തിൽ ഒളിക്കുന്ന ഇദ്ദേഹം എന്ത് യോഗാചാര്യനാണെന്ന് മനസ്സിലാവുന്നില്ല. ഇത്തരം സമരാഭാസങ്ങളെയും അതിന്റെ പുറകിലുള്ള വർഗ്ഗീയ താല്പര്യങ്ങളെയും തുറന്നുകാണിക്കപ്പെടേണ്ടതുണ്ട്. ഇതൊക്കെയാണെങ്കിലും അദ്ദേഹത്തിനും ജനാധിപത്യപരമായ പ്രതിഷേധിക്കാൻ അവകാശമുണ്ട്. പ്രതിഷേധത്തെ യു.പി.എ സർക്കാർ എതിരിട്ട രീതി ജനാധിപത്യവിരുദ്ധവും അപലപനീയവുമാണ്.

**4.** പൊതുസമൂഹത്തിന്റെയും മാധ്യമങ്ങളുടെയും പിന്തുണ മേധാപട്കറുടെ ഉപവാസത്തിന് കിട്ടിയില്ല എന്നുമാത്രമല്ല മിക്കവാറും മാധ്യമങ്ങളും (മുംബൈയിലെ മാധ്യമങ്ങൾ പ്രത്യേകിച്ച്) മേധയുടെ സത്യാഗ്രഹസമരത്തെ തമസ്കരിക്കുകതന്നെ ചെയ്തു. മേധയുടെ പോരാട്ടം മുംബൈയിലെ അംബാനി ഉൾപ്പെടെയുള്ള വൻകിട റിയൽ എസ്റ്റേറ്റ് ലോബികൾക്കെതിരായിരുന്നുവെന്നതാണ് പ്രധാനകാരണം. ഇന്ന് ഭൂരിഭാഗം മാധ്യമങ്ങളും നിലനിൽക്കുന്നത് കോർപ്പറേറ്റുകളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയാണല്ലോ. മാധ്യമങ്ങൾ തമസ്കരിച്ചിട്ടും മഹാരാഷ്ട്രാസർക്കാരിന് ചേരിനിവാസികളുടെ എല്ലാ ആവശ്യങ്ങളും അംഗീകരിക്കേണ്ടിവന്നുവെന്നത് എടുത്തുപറയേണ്ടതാണ്. പിന്നെ ഇന്ത്യയിലെ 'പൊതുസമൂഹ' മെന്നത് ഇനിയും ചർച്ച ചെയ്യപ്പെടേണ്ട വിഷയം തന്നെയാണ്.

**6.** ജനാധിപത്യത്തിലേക്ക് വളരുന്ന സമൂഹങ്ങളിൽ എല്ലാത്തരം സമരങ്ങൾക്കും ഇടങ്ങൾ ഉണ്ടാവണം. ജനകീയ സമരങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും അടിച്ചമർത്തുന്ന രീതി ഒരിക്കലും ന്യായീകരിക്കാവുന്നതല്ല. അറുപതിലേറെ വർഷമായി വ്യവസ്ഥാപിത രാഷ്ട്രീയപ്രസ്ഥാനങ്ങൾ പരാജയപ്പെട്ടിടത്താണ് പൊതുസമൂഹം അഴിമതിപോലയുള്ള പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതും സമരം ചെയ്യുന്നതും. എന്നാൽ ആൾക്കൂട്ടാധിപത്യത്തെയും (mobocracy) ജനാധിപത്യത്തെയും വേർതിരിച്ചുകാണിക്കേണ്ടതുണ്ട്. രാംദേവിന്റെ സമരത്തിൽ കണ്ടത് സംഘപരിവാറിന്റെ ആൾക്കൂട്ടവും രാഷ്ട്രീയമായിരുന്നു. 1922-ൽ ചൗരിചൗരായിൽ ആക്രമമുണ്ടായപ്പോൾ ഗാന്ധിജി ഉപവാസസത്യാഗ്രഹം പിൻവലിച്ചു. ഇവിടെ ഒരു കോർപ്പറേറ്റ് സ്വാമി സർക്കാരിനെതിരെ 11,000 പേരുടെ "ശാസ്ത്ര' സേനയുണ്ടാക്കാൻ ആഹ്വാനം ചെയ്യുന്നതാണ് വൈരുദ്ധ്യം.

**7.** പൊതുസമൂഹത്തിലെ പ്രതിനിധികളെ ഉൾപ്പെടുത്തിയത് സ്വാഗതാർഹം തന്നെ. ഉൾപ്പെടു

ത്തേണ്ടിവന്നുവെന്നതാണല്ലോ സത്യം. എന്നാൽ ഇപ്പോൾ പൊതുസമൂഹത്തിലെ എല്ലാ അംഗങ്ങളെയും വ്യക്തിപരമായി ആക്ഷേപിക്കാനും ലോക്പാൽ സമിതിയെ ഇല്ലാത്തതാക്കാനുമാണല്ലോ കോൺഗ്രസ്സ് പാർട്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നിർഗുണമായ ഒരു ലോക്പാൽ ബില്ലാണ് കോൺഗ്രസ്സ് ലക്ഷ്യം വയ്ക്കുന്നതെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു. പൊതുസമൂഹപ്രതിനിധികൾ ആവശ്യപ്പെട്ടതുപോലെ ചർച്ചകൾ സുതാര്യമാക്കുന്ന തലങ്ങളിലേക്ക് കാര്യങ്ങൾ പോവേണ്ടിയിരിക്കുന്നു.

**8.** പൊതുസമൂഹത്തിന്റെ ഭാഗമായി നിയമവിദഗ്ധർ ലോക്പാൽ സമിതിയിൽ ഉണ്ടാവുന്നത് നല്ലതുതന്നെയാണ്. എന്നാൽ അതോടൊപ്പം ജനപക്ഷത്തുനിന്ന് സമരം ചെയ്യുന്നവരുടെ അനുഭവവും പങ്കാളിത്തവും ആവശ്യംതന്നെയാണ്. നിയമം കൊണ്ട് മാത്രം പരിഹരിക്കാവുന്ന ഒന്നല്ല അഴിമതി. അതിലേക്കുള്ള സുപ്രധാനമായ കാൽവെയ്പ്പാണ് പഴുതുകളില്ലാത്ത ലോക്പാൽ ബിൽ എന്നുള്ളതിൽ തർക്കമില്ല. അതുകൊണ്ട് ലോക്പൽ ബില്ലിന്റെ പ്രസക്തി ഒട്ടും കുറച്ചുകാണേണ്ടതില്ല. ഏറ്റവും ചുരുങ്ങിയത് ഫലപ്രദമായി നടപ്പാക്കിയാൽ സർക്കാർ, ജുഡീഷ്യൽ, ഉദ്യോഗസ്ഥതലങ്ങളിലെ അഴിമതി ശൂന്യമായി കുറയ്ക്കാൻ ഈ നിയമംകൊണ്ട് കഴിയും.

**9.** അതെ. പക്ഷേ അഴിമതിക്ക് പല തലങ്ങളുണ്ടല്ലോ. കൈക്കൂലിയും കമ്മീഷനും മാത്രമല്ല പ്രകൃതി വിഭവങ്ങളുടെ കൈയടക്കലും അമിതചൂഷണവും ഹിംസാത്മകമായ ഉപഭോഗത്വരയുമെല്ലാം തന്നെ അഴിമതിയുടെ വ്യത്യസ്തരൂപങ്ങളാണ്. വ്യക്തിതലത്തിലും സമൂഹതലത്തിലും സർക്കാർ തലത്തിലും അഴിമതിയുടെ വ്യത്യസ്തരൂപങ്ങളെ തിരിച്ചറിയാനും പരിഹാരം കാണാനും സാധിക്കണം. മൂല്യബോധവും ലളിതവും പ്രകൃതിയ്ക്കനുയോജ്യവുമായ മൂല്യവ്യവസ്ഥയിലേക്കുള്ള മാറ്റവും അനിവാര്യം തന്നെ.

*(എൻ.എ.പി.എം ദേശീയ കൺവീനർ, സർക്കാർ ജീവനക്കാരൻ)*

**ഉപവാസമിരിക്കുന്ന ആൾ ഉന്നയിക്കുന്ന വിഷയം സമൂഹത്തിന്റെ ശ്രദ്ധയിൽ വരുമ്പോഴും അക്കാര്യത്തിൽ ഇടപെടാൻ ജനങ്ങൾ സന്നദ്ധരാകുമ്പോഴുമാണ് ഉപവാസം സമരമാകുന്നതെന്ന് സണ്ണി പൈകട**

# പട്ടിണി കിടക്കുന്നതല്ല ഉപവാസം

**1.** ഉപവാസം സമരമാകുന്നത് കേവലം ഒരാൾ പട്ടിണി കിടക്കുന്നതുകൊണ്ട് മാത്രമല്ല. ഉപവാസമിരിക്കുന്ന ആൾ ഉന്നയിക്കുന്ന വിഷയം സമൂഹത്തിന്റെ ശ്രദ്ധയിൽ വരുമ്പോഴും അക്കാര്യത്തിൽ ഇടപെടാൻ ജനങ്ങൾ സന്നദ്ധരാകുമ്പോഴുമാണ് ഉപവാസം സമരമാകുന്നത്. യഥാർത്ഥത്തിൽ ഉപവാസമനുഷ്ടിക്കുന്നവർ ചെയ്യുന്നത് സ്വന്തം ജീവൻ പണയം വച്ച് ജനങ്ങളെ പ്രതികരിക്കുവാൻ നിർബന്ധിതരാക്കുകയാണ്. ഉപവാസങ്ങൾ വിജയിക്കണമെങ്കിൽ ഉന്നയിക്കുന്ന കാര്യങ്ങൾ കാലേകൂട്ടി ജനങ്ങളെ ബോധ്യപ്പെടുത്തുകയും ഉപവാസം നടക്കുമ്പോൾ ജനങ്ങളെ രംഗത്തിറക്കാൻ ആസൂത്രിതമായി ശ്രമിക്കുകയും വേണം. മിക്കപ്പോഴും ഉപവാസ സമരങ്ങളിൽ ഈ ശ്രമങ്ങൾ ഉണ്ടാകാറില്ല.

**2.** ഇല്ല

**3,4.** മേധാപട്കറുടെ ഉപവാസത്തിൽ ഉന്നയിച്ച വിഷയം ഇന്ത്യയിലെ പൊതുസമൂഹത്തിന് അത്രയേറെ താത്പര്യമുള്ള വിഷയമല്ല. എന്നാൽ കാലാകാലങ്ങളായി ചെറുതും വലുതുമായ അഴിമതികളുമായി ബന്ധപ്പെടേണ്ടിവരുന്ന ജനങ്ങൾക്ക് അഴിമതിക്കെതിരെ ഒരു വികാരമുണ്ട്. ആ വികാരത്തെ പ്രതികരണങ്ങളാക്കി വികസിപ്പിക്കാൻ അണ്ണാഹസാരെക്ക് കഴിഞ്ഞു. എന്നാൽ മേധ ഉന്നയിച്ച ചേരിനിവാസികളുടെ പ്രശ്നം തങ്ങളുടെകൂടി പ്രശ്നമാണെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിൽ മേധ വിജയിച്ചില്ല.

**5.** രണ്ടിനേയും പിന്തുണയ്ക്കുന്നു.

**6.** പൊരുത്തക്കേടുണ്ടെന്ന് തോന്നുന്നില്ല. രണ്ട് സത്യാഗ്രഹങ്ങളും ജനതാത്പര്യം മുൻനിർത്തി ചില കാര്യങ്ങൾ ഭരണകൂടത്തെ ബോധ്യപ്പെടുത്താനും ജനങ്ങളുടെ സമ്മർദ്ദമുയർത്താനും ശ്രമിച്ചു. ഒരു സ്ഥത്ത് അതിൽ വിജയിച്ചു. മറ്റൊരിടത്ത് അത്രകണ്ട് വിജയിച്ചില്ല.

**7.** തീർച്ചയായും. കാരണം ജനാധിപത്യത്തിൽ ഭരണമെന്നത് ഭരണവർഗ്ഗം മാത്രം നടത്തുന്ന ഏർപ്പാടായി മാറിയ കാലത്ത് ജനകീയ സമർദ്ദത്തെതുടർന്ന് പൊതുസമൂഹ പ്രതിനിധികൾക്ക് ഒരു സുപ്രധാന നിയമം രൂപപ്പെടുത്തുന്നതിൽ പങ്ക് ലഭിക്കുന്നത് പ്രധാനകാര്യമാണ്. ആ നിയമം കൊണ്ട് എല്ലാ അഴിമതികളും മാറുമെന്നാശിക്കാൻ കഴിയില്ല എന്നത് വേറെ കാര്യം. കാരണം അഴിമതിയുടെ അടിസ്ഥാന കാരണങ്ങൾക്കുള്ള പരിഹാരമായല്ല, അഴിമതിക്കാർ ശിക്ഷിക്കപ്പെടുന്നതരിത്തുള്ള നിയമം നിർമ്മിക്കാനാണ് ലോക്പാൽ ബിൽ ലക്ഷ്യം വയ്ക്കുന്നത്.

**8.** നിയമം പരിപൂർണ്ണമായി വിജയിക്കാൻ വഴിയില്ലെങ്കിലും നിയമം കൂടുതൽ ജനപക്ഷമാക്കാൻ സിവിൽ സമൂഹത്തിന്റെ ഇടപെടൽ സഹായകമാകും.

**9.** അഴിമതി നിലനിൽക്കുന്നതിൽ ഒരുപാട് കാരണങ്ങളുണ്ട്. അതിൽ ഒന്നുമാത്രമാണ് അഴിമതിക്കാർ ശിക്ഷിക്കപ്പെടുന്നില്ല എന്നത്. അതിനുള്ള പരിഹാരം മാത്രമാണ് ലോക്പാൽ ലക്ഷ്യം വയ്ക്കുന്നത്. അധികാരകേന്ദ്രീകരണം, തെരഞ്ഞെടുപ്പ് രീതികൾ, വികസനരീതികൾ തുടങ്ങിയ നിരവധി ഘടകങ്ങൾ അഴിമതിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നു. അത്തരം കാര്യങ്ങളെ സമഗ്രതയോടെ വിലയിരുത്തുകയും അടിസ്ഥാനപരമായ പരിഹാരങ്ങളന്വേഷിക്കുകയും ചെയ്യുമ്പോൾ മാത്രമെ അഴിമതി നിയന്ത്രിക്കപ്പെടുകയുള്ളൂ.

*(ഗാന്ധിമാർഗ്ഗ പ്രവർത്തകൻ, കർഷകൻ)*